**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** **23-01-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്.<br><br>**മാലിന്യ സംസ്കരണ** പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്<br><br>ബയോമെതനേഷൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതി.<br><br>അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനതലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റിതല കംമ്പോസ്റ്റിംഗ് ഉപാധികൾ ഉപയോഗിച്ച് ജൈവവളം ആക്കി മാറ്റുന്നു.<br><br>ഹരിത കർമ്മ സേന മുഖാന്തരം ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനായി തദ്ദേശ സ്ഥാപന തലത്തിലുള്ള Mini MCF,MCF എന്നിവിടങ്ങളിൽ ശേഖരിക്കുകയും അവിടെ നിന്ന് സംസ്കരണ കേന്ദ്രങ്ങളിലേക്ക് ലിഫ്റ്റ് ചെയ്യുകയും ചെയ്യുന്നു .<br><br>'ഹരിതമിത്രം' സ്മാർട്ട് ഗാർബെജ്ജ് ആപ്ലിക്കെഷൻ വഴി മിനി MCF ൽ നിന്നും MCF ലേക്കും RRF ലേക്കും അവിടെ നിന്നും സംസ്കരണ കേന്ദ്രത്തിലേക്കുള്ള ലിഫ്റ്റിംഗ് മോണിറ്റർ ചെയുന്നു .<br><br>"9446700800" എന്ന സിംഗിൾ വാട്സ് ആപ് നമ്പറിലേക്ക് നിയമ ലംഘനങ്ങൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് റിവാർഡ് നൽകുന്നു.<br><br>ഹരിതമിത്രം , സിംഗിൾ വാട്സ് ആപ് നമ്പർ എന്നിവ മോണിട്ടർ ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയരക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂം പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ഖരമാലിന്യ സമാഹരണവും സംസ്കരണവും നൂറ് ശതമാനത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | നഗര പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്<br><br>പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>ആധുനിക രീതിയിലുള്ള CBG Plant Waste to Energy പ്ലാന്റുകൾ .<br><br>സാനിറ്ററി മാലിന്യ സംസ്കരണ പദ്ധതികൾ, കെട്ടിട നിർമ്മാണ – പൊളിച്ചുമാറ്റൽ (C&D) മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി എല്ലാ നഗരസഭകളിലും ഉചിതമായ സ്ഥലങ്ങൾ കണ്ടെത്തി C&D മാലിന്യ സംസ്കരണ പദ്ധതികൾ.<br><br>ശുചിത്വവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ദിശാബോധവും ബോധവൽക്കരണവും നൽകുന്ന ഐ.ഇ.സി. പ്രവർത്തനങ്ങൾ<br><br>ബയോ റെമെഡിയേഷൻ പ്രോജക്ടുകൾ<br><br>നഗരസഭകളിലെ ജലാശയങ്ങളിൽ മാലിന്യം തടയുന്നതിനായി സ്ക്രീൻചേമ്പറുകളും മറ്റ് സംവിധാനങ്ങളും സ്ഥാപിക്കൽ, നഗരസഭകളിൽ RRR (Reduce Reuse Recycle) initiative ഭാഗമായി RRR സെന്റർ Waste to Art installation തുടങ്ങിയ പ്രവർത്തനങ്ങൾ . |
| (സി) | പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണത്തിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യത്തിന് പ്ലാന്റുകൾ നിലവിലുണ്ടോ? | (സി) | ഇല്ല. പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1210 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പൊടിച്ച് പുനരുപയോഗത്തിന് സജ്ജമാക്കുന്ന 145 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (RRF) ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. പുനരുപയോഗ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ജില്ലാതലത്തിൽ RDF പ്ലാന്റുകൾ സ്ഥാപിച്ച് RDF ആക്കി മാറ്റി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പത്തനംതിട്ട ജില്ലയിൽ കുന്നംതാനത്തു ഇന്റെഗ്രേറ്റഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തനം നടന്നു വരുന്നു. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ പ്രോസസ്സ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി റീ സൈക്ലിങ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ